അവർക്ക് എതിരായി കർശന നടപടികൾ ഈ ഗവൺമെന്റ് കൈക്കൊള്ളും. കറുകച്ചാൽ പോലീസ് സ്റ്റേഷനിൽ കുഴഞ്ഞുവീണ് കൊച്ചുമോൻ മരണമടഞ്ഞ കേസ് സംബന്ധിച്ച അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിച്ചിട്ടുണ്ട്. അതുകൊണ്ട് അന്വേഷണം ഇല്ലെന്നല്ല. അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിച്ചിരിക്കയാണ്. പിന്നെ ഭാര്യ എന്നുപറയുന്ന സ്ത്രീ അടുത്തു തന്നെ ഉണ്ടായിരുന്നല്ലോ. ആ സ്ത്രീ ഏതാണെന്ന് ഇപ്പോഴും പറയുന്നില്ല. ഭാര്യ എന്നു പറയുന്ന ഒരു സ്ത്രീയാണ് എന്ന് കുറുപ്പച്ചൻ അംഗീകരിക്കുന്നല്ലോ. കുറുപ്പച്ചന് ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിവരം കുറവാണ്. മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയിൽ പറയുന്നത് കൊച്ചുമോന്റെ ഇടതു കൊറോണറി ആർട്ടറിക്ക് 90 ശതമാനം ഒക്ലൂഷൻ ഉണ്ടായിരുന്നുവെന്നാണ്. ഇതുമൂലമുള്ള അസുഖത്താൽ മരണം സംഭവിച്ചതാകാം എന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ വിശദമായ പരിശോധനയ്ക്കുശേഷം മാത്രമേ ഇതു സംബന്ധിച്ച് അന്തിമ നിഗമനത്തിൽ എത്താൻ സാധിക്കുകയുള്ളൂ. അക്കാര്യത്തിൽ ആവശ്യമായ അന്വേഷണം നടത്തി സംശയം ദൂരീകരിക്കണമെന്നാണ് സർക്കാരിന്റെയും അഭിപ്രായം. ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവർക്കെതിരെ മാതൃകാപരമായ നടപടി സർക്കാർ സ്വീകരിക്കും. ഇക്കാര്യത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമൊന്നുമില്ല. കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏല്പിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ സംഭവത്തെപ്പറ്റി സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്ത് കൂടുതൽ മൽസ്യ വിപണന കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മൽസ്യത്തിന് ന്യായമായ വില പലപ്പോഴും കിട്ടാറില്ല. കടലിൽ നിന്നും മിക്ക ദിവസങ്ങളിലും മൽസ്യമൊന്നും കിട്ടാതെ വെറുംകയ്യോടെ മടങ്ങി വരാറുള്ള മത്സ്യത്തൊഴിലാളികൾക്ക് വല്ലപ്പോഴുമാണ് കൂടുതൽ മൽസ്യം ലഭിക്കാറുള്ളത്. അപ്പോഴാകട്ടെ ശീതീകരിച്ച് സൂക്ഷിക്കാനും വിപണനം നടത്താനുമുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇല്ലാത്തതുകൊണ്ട് ചുരുങ്ങിയ വിലയ്ക്ക് വിറ്റഴിക്കാൻ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ നിർബന്ധിതരാകുന്നു. എന്നാൽ ഉപഭോക്താക്കൾക്ക് വലിയ വിലയ്ക്കാണ് മൽസ്യം നൽകുന്നത്. ഇവിടെ വിറ്റഴിക്കുന്ന മൽസ്യത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും സംസ്ഥാനത്തിനു വെളിയിൽ നിന്നാണ് വരുന്നത്. അതിന് അധിക വില നൽകേണ്ടിയും വരുന്നു. മാർക്കറ്റിൽ ലഭിക്കുന്ന മൽസ്യത്തിന്റെ ഭൂരിഭാഗവും ഗുണമേന്മ ഇല്ലാത്തതാണ്. അപകടകരമായ രാസപദാർത്ഥങ്ങളും മറ്റും ചേർത്തതാണ്. മൽസ്യം വിപണിയിൽ കേട് കൂടാതെ സൂക്ഷിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടക്കാർ കുമ്മായം, തുരിശ്, പൊട്ടാസ്യം പെർമാംഗനേറ്റ്, ചാരായം, യൂറിയ തുടങ്ങിയ പല വസ്തുക്കളും ഉപയോഗിക്കുന്നതായി കണ്ടു വരുന്നു. സംസ്ഥാനത്തിന് പുറത്ത് നിന്നു വരുന്ന മൽസ്യത്തിലാണ് കൂടുതലും ഇങ്ങനെ മാരകമായ വസ്തുക്കൾ ചേർത്തു വരുന്നത്. കേരളത്തിലെ മൽസ്യ വിപണി പൂർണ്ണമായും സ്വകാര്യമേഖലയിലാണ്. വിപണിയിൽ സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. അതുകൊണ്ട് തന്നെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും മായം ചേർക്കുന്നത് തടയുന്നതിനും കാര്യമായി യാതൊന്നും ചെയ്യാൻ കഴിയുന്നില്ല. പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ മൽസ്യവിഭവങ്ങൾ വിറ്റഴിക്കുന്നതിന് ആവശ്യമായ സംഭരണ സൗകര്യമുണ്ടാക്കാനും ഇതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ 10 വർഷമായി മൽസ്യവിപണി നവീകരിക്കാനും മൽസ്യ വിപണനം ക്രമീകരിക്കാനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളെല്ലാം തന്നെ പരാജയമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് വളരെയധികം തുക പാഴാക്കിക്കളഞ്ഞുവെന്നു മാത്രമല്ല കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡിയിനത്തിൽ കിട്ടേണ്ട ഭീമമായ തുക നഷ്ടപ്പെടുകയും ചെയ്യുന്നു. അതിനൊരുദാഹരണം മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. മൽസ്യഫെഡ് 1997-98 കാലത്ത് 100 മൽസ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ഒരു മൽസ്യവിപണന കേന്ദ്രത്തിന് 3.12 ലക്ഷം രൂപ വച്ച് 312 ലക്ഷം രൂപ മൽസ്യഫെഡിന് നൽകി ഒരു കേന്ദ്രം പോലും ആരംഭിച്ചിട്ടില്ല. ഈയിനത്തിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട 156 ലക്ഷം രൂപ നഷ്ടമാകുകയും ചെയ്തു. മൽസ്യ മേഖലയിലെ യുവതി യുവാക്കൾക്ക് തൊഴിൽ കണ്ടെത്താനും ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ മൽസ്യം ലഭിക്കാനും മൽസ്യബൂത്ത് അടങ്ങുന്ന പദ്ധതി ഇതേ രീതിയിൽ തന്നെയാണ് പോയത്. മൽസ്യഫെഡ് വഴി എൺപതും ഫിഷറീസ് വകുപ്പ് വഴി ഇരുന്നൂറും ബൂത്തുകളാണ് ഈ വർഷം സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത്. ഓരോ ബൂത്തിനും 50,000 രൂപ സബ്സിഡിയിനത്തിൽ വകയിരുത്തി. ഈ ബൂത്തുകൾ മിൽമാ ബൂത്തുപോലെ പ്രവർത്തിക്കുമെന്നാണ് മന്ത്രി പറഞ്ഞിരുന്നത്. മൽസ്യ ഫെഡിന്റെ നേതൃത്വത്തിൽ 53 ബൂത്തുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ 20 എണ്ണത്തിൽ മാത്രമേ ഇപ്പോൾ മത്സ്യ വിൽപന നടക്കുന്നുള്ളൂ. അങ്ങനെ വിൽപ്പന നടക്കുന്ന ബൂത്തുകൾക്ക് മൽസ്യം സപ്ലൈ ചെയ്യുന്നത് തമിഴ്നാട്ടിൽ നിന്നുള്ള കച്ചവടക്കാരുടെ ഏജന്റുമാരാണ്. സെക്രട്ടറിയേറ്റിനടുത്തു മൽസ്യ ബൂത്തിൽ തമിഴ്നാട്ടിൽ നിന്നുള്ള മൽസ്യമാണ് വിൽക്കുന്നത്. ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഈ വർഷം ബൂത്തുകൾ സ്ഥാപിക്കാൻ 16 കോടി രൂപ വകയിരുത്തിയിരുന്നു. ഒരു ബൂത്തുപോലും സ്ഥാപിച്ചിട്ടില്ല. പണം പഞ്ചായത്തുകൾക്ക് കൈമാറി ചെലവ് കാണിച്ചിരിക്കുകയാണ്. മൽസ്യവിപണന കേന്ദ്രങ്ങൾ തുടങ്ങാൻ 1993-94-ൽ 2 കോടി രൂപ കേന്ദ്രസർക്കാർ ഫിഷറീസ് വകുപ്പിന് ഗ്രാന്റായിട്ട് നൽകി. ഒരു കേന്ദ്രത്തിന് 50 ലക്ഷം രൂപയാണ് ഗ്രാന്റ്. കോഴിക്കോട് പേരാമ്പ്രയിലും കോട്ടയത്ത് വൈക്കത്തും, കൊല്ലത്ത് കുണ്ടറയിലും, തിരുവനന്തപുരത്ത് നെടുമങ്ങാടുമാണ് ഈ വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് പറഞ്ഞിരുന്നത്. എവിടെയും വിപണന കേന്ദ്രങ്ങൾ തുടങ്ങിയിട്ടില്ല. വൈക്കത്ത് ഈ തുക ഉപയോഗിച്ച് കായൽ നികത്തി.

LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്രയിൽ മാർക്കറ്റിന്റെ പേരിൽ ചെലവ് കാണിച്ചു. കേരളത്തിലെ മൽസ്യ വിപണനം മെച്ചപ്പെടുത്താനും മൽസ്യത്തൊഴിലാളികൾക്ക് മൽസ്യവിപണനം സുഗമമാക്കാനും കേരളത്തിലുടനീളം ശീതീകരണ ശൃംഖല സ്ഥാപിക്കാനും കേന്ദ്ര സർക്കാർ 405 ലക്ഷം രൂപ ഗ്രാന്റായിട്ട് നൽകിയിരുന്നു. ഈ തുക മൽസ്യ ഫെഡിന് നൽകുകയാണ് ചെയ്തത്. മൽസ്യ ഫെഡാകട്ടെ പണ്ട് ഇൻഡോ നോർവീജിയൻ പ്രോജക്ടിന്റെ കാലത്ത് നിർമ്മിക്കപ്പെട്ട കൊച്ചങ്ങാടിയിലുള്ള പഴയ ഐസ് പ്ലാന്റ് കം-കോൾഡ് സ്റ്റോറേജ് റിപ്പയർ ചെയ്യുകയാണുണ്ടായത്. റിപ്പയറിംഗിന് 255 ലക്ഷം രൂപ ചെലവായി. പ്രസ്തുത പ്ലാന്റിന്റെ പല യന്ത്രങ്ങളും വീണ്ടും തകരാറിലാകുകയും വീണ്ടും റിപ്പയറിന് രഹസ്യമായി പണം ചെലവഴിച്ചുകൊണ്ടിരിക്കുകയുമാണ്. ഈ റിപ്പയറിംഗിൽ അഴിമതി ഉള്ളതായി പറയപ്പെടുന്നു. മൽസ്യം ശീതീകരിച്ച് സൂക്ഷിക്കുന്നതിനും വിപണനത്തിനും പാവപ്പെട്ട തൊഴിലാളികൾക്ക് സൗകര്യവും സംവിധാനവുമില്ലാത്തതുകൊണ്ട് അവരുടെ മൽസ്യം കുറഞ്ഞ വിലയ്ക്ക് വിൽക്കേണ്ടി വരുന്ന ബുദ്ധിമുട്ടുണ്ട്. ഇവിടെ മൽസ്യ വിപണനത്തിനുള്ള പണം പാഴായിപ്പോകുകയാണ്. ഇത് ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കണം. മൽസ്യത്തൊഴിലാളികൾക്ക് അവർ ഉൽപാദിപ്പിക്കുന്ന മൽസ്യത്തിന് ന്യായമായ വില ലഭ്യമാക്കാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് ഗുണമേൻമയുള്ള മൽസ്യം ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനുള്ള ഫണ്ട് ലാപ്സാകാതെ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാനും മൽസ്യവിപണിയിൽ സർക്കാരിന് ഇടപെടാനും ആവശ്യമായ നിയമ നിർമ്മാണം നടത്തണമെന്നും ആവശ്യപ്പെടുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, മൽസ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മൽസ്യത്തിന് ന്യായമായ വില ലഭ്യമാക്കാനും ഉപഭോക്താവിന് ഗുണമേന്മയുള്ള മൽസ്യം ന്യായമായ വിലയ്ക്ക് ലഭ്യമാക്കാനുമുള്ള വിവിധ നടപടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. മൽസ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മൽസ്യത്തിന് ആ പ്രദേശത്തെ പ്രമാണിമാരായ തരകൻമാർ എന്നറിയപ്പെടുന്ന ഒരു വിഭാഗക്കാർ നിശ്ചയിക്കുന്ന വിലയാണ് നേരത്തെ ലഭിച്ചിരുന്നത്. ഈ ഇടത്തട്ടുകാർ നിശ്ചയിക്കുന്ന വിലയും അവരുടെ കമ്മീഷനും കഴിച്ച് ബാക്കി തുക നൽകുന്നത് പലപ്പോഴും ദിവസങ്ങൾ കഴിഞ്ഞാണ്. മൽസ്യം പിടിച്ചുകൊണ്ടു വരുന്ന തൊഴിലാളികൾക്ക് അവരുടെ ഉൽപാദനത്തിന് യാതൊരധികാരവും ഇല്ലാത്ത അവസ്ഥയാണുണ്ടായിരുന്നത്. ഈ ദുഃസ്ഥിതി പരിഹരിക്കാൻ മൽസ്യത്തൊഴിലാളികളുടെ സഹകരണസംഘത്തിന്റെ നേതൃത്വത്തിൽ മൽസ്യ ലേലം ആവിഷ്ക്കരിച്ച് പഴയ ഇടതു പക്ഷ സർക്കാരിന്റെ കാലത്തുതന്നെ ഈ പദ്ധതിക്ക് തുടക്കമിട്ടു. തിരുവനന്തപുരത്ത് പൂന്തുറയിൽ മൽസ്യ ലേലം ആരംഭിക്കാൻ ശ്രമിച്ചപ്പോൾ അതിനെ തകർക്കാനും ആ ലേലത്തെ അലങ്കോലപ്പെടുത്താനും എന്നെയും അന്ന് ഈ സഭയിൽ മെമ്പറായിരുന്ന ശ്രീമതി നബീസ ഉമ്മാളിനെയും ശാരീരികമായി ആക്രമിക്കാനും ശ്രമിച്ചു. പിന്നീട് വളരെ ശ്രമകരമായ പ്രവർത്തനത്തിലൂടെ മൽസ്യ ലേലം കൊണ്ടുള്ള നേട്ടം മൽസ്യത്തൊഴിലാളികളെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വളരെ കുറച്ച് പ്രദേശങ്ങളിൽ മാത്രമാണ് ലേലം നടന്നിരുന്നത്. ഇപ്പോൾ പ്രധാനപ്പെട്ട എല്ലാ മൽസ്യബന്ധന കേന്ദ്രങ്ങളിലും മൽസ്യസൊസൈറ്റികളുടെ നേതൃത്വത്തിൽ മൽസ്യ ലേലം നടക്കുന്നുണ്ട്. 158 മൽസ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ സൊസൈറ്റികളുടെ നേതൃത്വത്തിൽ ലേലം നടക്കുന്നുണ്ട്. ഇതിന്റെ ഫലമായി ഇടത്തട്ടുകാരുടെ ചൂഷണം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദ്യ വിൽപനയ്ക്കുള്ള അവകാശം മൽസ്യത്തൊഴിലാളികൾക്ക് തന്നെയായിരിക്കുമെന്നതാണ് സർക്കാരിന്റെ നയം. അത് നടപ്പിലാക്കുന്നതടക്കം മൽസ്യലേലം കൂടുതൽ ശക്തിപ്പെടുത്താനും സൊസൈറ്റികൾ വഴി വിപണന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനും ശ്രമം നടന്നു വരുന്നു. മൽസ്യ വിപണന രംഗത്ത് കാര്യമായ മാറ്റം വരുത്താൻ ശ്രമകരമായ പ്രയത്നം ആവശ്യമാണ്. മൽസ്യ വിപണന മേഖലയിൽ ഇന്ന് യാതൊരു നിയന്ത്രണവുമില്ലെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ശരിയാണ്. ഈ രംഗത്ത് മാറ്റം വരുത്താൻ വേണ്ട പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള പഞ്ചായത്തുകളിൽ മൽസ്യമാർക്കറ്റുകൾ രൂപീകരിക്കാനും ശുചിയായ രീതിയിൽ മൽസ്യ വിപണനം നടത്താനും പഞ്ചായത്തുകളുടെ കൂടി സഹകരണത്തോടെ മാർക്കറ്റ് നവീകരിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 1998-99-ൽ 4 ലക്ഷം രൂപ വീതം 15 പഞ്ചായത്തുകൾക്കും ഈ വർഷം 4 ലക്ഷം രൂപ വീതം 18 പഞ്ചായത്തുകൾക്കും നൽകി. ഈ ഇനത്തിൽ 110 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ പേരിൽ തനത് വിഹിതമായി 4 ലക്ഷം രൂപ കൂടി ചേർത്ത് 8 ലക്ഷം രൂപ മുടക്കി പഞ്ചാത്തിൽ മൽസ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനു വേണ്ടിയാണ് ശ്രമിക്കുന്നത്. അതുപോലെതന്നെ 1998-99 വർഷത്തിൽ 50,000 രൂപ വീതം ചെലവു വരുന്ന 80 ഫിഷ് ബൂത്തുകൾ സ്ഥാപിക്കാൻ വിവിധ പഞ്ചായത്തുകൾക്ക് സഹായം നൽകി. ഈ രണ്ട് പദ്ധതികളും തദ്ദേശസ്വയംഭരണ വകുപ്പ് വഴിയാണ് നടപ്പിലാക്കുന്നത്. ഇതുകൂടാതെ മൽസ്യഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും നേതൃത്വത്തിലും വിപണന പ്രവർത്തനങ്ങൾ ശക്തമാക്കാൻ നടപടി എടുക്കുന്നുണ്ട്. മൽസ്യത്തൊഴിലാളികളുടെ മൽസ്യത്തിന് ന്യായമായ വില ലഭിക്കാൻ സൊസൈറ്റികളുടെ നേതൃത്വത്തിൽ ലേല സമ്പ്രദായം ആവിഷ്ക്കരിച്ചു. കൂടാതെ 300 ലക്ഷം രൂപ ചെലവിൽ യൂറോപ്യൻ എക്കോണമിക്ക് സമൂഹത്തിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി 600 മെട്രിക് ടൺ സ്റ്റോറേജ് കപ്പാസിറ്റിയുള്ള ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് കൊച്ചിയിൽ കഴിഞ്ഞ ജൂലായ് 10-ാം തീയതി കമ്മീഷൻ ചെയ്തു. ഇതുകൂടാതെ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തന രഹിതമായി കിടന്നിരുന്ന ഐസ് പ്ലാന്റുകൾ മൽസ്യഫെഡിന് കൈമാറി. കാസർഗോഡ് ജില്ലയിലെ കസബ, കണ്ണൂരിലെ തലായി, മലപ്പുറത്തെ താനൂർ, തൃശ്ശൂരിലെ ചാവക്കാട് എന്നീ ഐസ് പ്ലാന്റുകളും കൊയിലാണ്ടിയിലെ ഐസ് പ്ലാന്റും ഇപ്രകാരം പ്രവർത്തനക്ഷമമാക്കാൻ നടപടി നടന്നു വരുന്നു. ഐസ് പ്ലാന്റും ഫ്രീസിംഗ് പ്ലാന്റും പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കുന്നതോടുകൂടി അധികമായി വരുന്ന മൽസ്യം സംഭരിച്ച് വയ്ക്കാനും ആവശ്യാനുസരണം വിതരണം ചെയ്യാനും കഴിയും. ഫ്രീസിംഗ് പ്ലാന്റിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഐസ്പ്ലാന്റിൽ നിന്നും മൽസ്യം പ്രാദേശിക തലത്തിൽ മൽസ്യബൂത്തു കളിലേക്ക് വിതരണത്തിനായി നൽകാൻ കഴിയും. പ്രാദേശിക തലത്തിൽ മത്സ്യ ബൂത്തുകൾ തുടങ്ങാനും നടപടിയെടുക്കുന്നുണ്ട്. എൻ.സി.ഡി.സി.യുടെ സഹായത്തോടെ 100 ചെറുകിട മൽസ്യ വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ 339 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കിത്തുടങ്ങി. ഒരു വിപണന കേന്ദ്രത്തിന് 3.39 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഒരു വിപണന കേന്ദ്രത്തിൽ നിന്നും 15 പേർക്ക് നേരിട്ട് തൊഴിൽ സൗകര്യം ലഭിക്കുന്ന തരത്തിലാണ് പദ്ധതി പ്ലാൻ ചെയ്തിട്ടുള്ളത്. ഇപ്രകാരം തിരുവനന്തപുരത്ത്-11, കൊല്ലം, പത്തനംതിട്ട-10, ആലുവ-17, എറണാകുളം-17, കോട്ടയം, ഇടുക്കി-13, തൃശ്ശൂർ-8, മലപ്പുറം-11, കോഴിക്കോട്-13, കണ്ണൂർ-3 എന്നീ ക്രമത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയും കൊച്ചിയിലെ ഫ്രീസിംഗ് പ്ലാന്റിൽ നിന്നും ഈ കേന്ദ്രങ്ങളിൽ മൽസ്യം എത്തിച്ച് ഉൾനാടൻ പ്രദേശങ്ങളിലേക്ക് മൽസ്യവിപണനം നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുകൂടാതെ 80 ഫിഷ് ബൂത്തുകളും ആരംഭിക്കുന്നുണ്ട്. തിരുവനന്തപുരത്ത്-9, കൊല്ലം-9, ആലപ്പുഴ-9, കോട്ടയം-7, എറണാകുളം-9, മലപ്പുറം-9, കോഴിക്കോട്-11-8, കണ്ണൂർ-6, കാസർഗോഡ്-9. കേരളത്തിലെ മൽസ്യ ഉപഭോക്താക്കളുടെ ആവശ്യാനുസരണം ഫിഷ് ബൂത്തുകൾ ആരംഭിക്കാൻ ആഗ്രഹമുണ്ടെങ്കിലും സാമ്പത്തിക ബാദ്ധ്യത കാരണം ഘട്ടംഘട്ടമായി എല്ലാ പ്രദേശത്തേയ്ക്കും ഇത്തരം ഫിഷ് ബൂത്തുകൾ സ്ഥാപിക്കാനാണ് പരിപാടി. ഫ്രാഞ്ചൈസ് വ്യവസ്ഥയിൽ ബൂത്ത് തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യവും ചെയ്യാൻ മൽസ്യഫെഡ് നടപടിയെടുത്തിട്ടുണ്ട്. മൽസ്യ ലേലം ശക്തിപ്പെടുത്തി ഫ്രീസിംഗ് പ്ലാന്റുകളുടെ പ്രവർത്തനം പൂർത്തീകരിച്ച് പ്രാദേശികതലത്തിൽ ആവശ്യത്തിനനുസരണമായി ഫിഷ് ബൂത്തുകൾ സ്ഥാപിക്കപ്പെടുന്നതോടുകൂടി മൽസ്യത്തിന് മെച്ചപ്പെട്ട വില കിട്ടാനും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് നല്ല മൽസ്യം ലഭിക്കുവാനും സാധിക്കും. ഇതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇത് പൂർത്തിയാക്കാൻ അല്പം കൂടി സമയമെടുക്കും. അതിനുശേഷം റെഗുലേറ്റഡ് മാർക്കറ്റിനെ കുറിച്ച് ആലോചിക്കുന്നതായിരിക്കും നല്ലത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും രാസപദാർത്ഥങ്ങൾ കലർത്തി കൊണ്ടുവരുന്ന മൽസ്യം നിയന്ത്രിക്കാനും ഗുണനിലവാരം ഉറപ്പുവരുത്താനും ആവശ്യമായ നടപടികളെടുക്കുന്നതാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അങ്ങ് പറഞ്ഞതായ കാര്യങ്ങൾ ഇവിടെ നടക്കുന്നില്ല എന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം ഐസ് പ്ലാന്റ് റിപ്പയർ ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞു. എന്റെ വീടിന്റെ നേരെ മുന്നിലുള്ളതാണ് താനൂർ ഐസ് പ്ലാന്റ്. അവിടെ ഒരു നടപടിയും നടന്നിട്ടില്ല, ഒക്കെ നശിച്ചു കഴിഞ്ഞിരിക്കുകയാണ്. മൽസ്യ വിപണന-നവീകരണത്തിനും ക്രമീകരിക്കുന്നതും അതുപോലെ വിപണികൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച പദ്ധതികൾ പരാജയപ്പെടുകയും അതിന് വകയിരുത്തിയ ഫണ്ട് ലാപ്സ് ആകുകയും ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഒരു പക്ഷേ അറിഞ്ഞുകാണുകയില്ലായിരിക്കാം. അതിനെക്കുറിച്ച് അന്വേഷണം നടത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഒന്നും നടക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. നടക്കുന്ന കാര്യവും നടന്നുവരുന്ന കാര്യങ്ങളും അതിന് ഗവൺമെന്റ് എടുത്ത നടപടികളും ഞാൻ വളരെ വിശദമായി ഇവിടെ പറഞ്ഞതാണ്.

(2) റബ്ബർ കർഷകർക്ക് നൽകിവരുന്ന സബ്സിഡി കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതുമൂലം സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കേരളത്തിൽ 12 ലക്ഷത്തോളം കർഷകരും അവരെ ആശ്രയിച്ചു ജീവിക്കുന്ന 60 ലക്ഷത്തോളം വരുന്ന കുടുംബാഗങ്ങളുടെയും ഉപജീവനമാർഗ്ഗമായ റബ്ബർ കൃഷി ഇന്ന് കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. കുറെവർഷങ്ങളായി പ്രതിസന്ധി തുടങ്ങിയിട്ട്. ആ പ്രതിസന്ധി രൂക്ഷമാകുന്ന തീരുമാനമാണ് അടുത്ത കാലത്തായി കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ളത്. കേന്ദ്രം കേരള സംസ്ഥാനത്തെ റബ്ബർ കൃഷിക്കാർക്ക് അനുവദിച്ചു തന്ന സബ്സിഡിയിൽ 6,000 രൂപയുടെ വെട്ടിക്കുറവ് വരുത്തിയിരിക്കുകയാണ്. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം വച്ച് 1957-ലാണ് സബ്സിഡി നൽകാനുള്ള നടപടി കേന്ദ്രം ആരംഭിച്ചത്. 1979 മുതൽ പുതുകൃഷിക്കു കൂടി സബ്സിഡി അനുവദിച്ചപ്പോൾ ഉല്പാദനശേഷിയുള്ള തൈകൾ നട്ട് ശാസ്ത്രീയമായ കൃഷി രീതിയിലേക്ക് പോകാൻ കൃഷിക്കാർ തയ്യാറായി. വലിയ വളർച്ച നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉണ്ടായി. രാജ്യത്തെ മൊത്തം ഉല്പാദനത്തിന്റെ 90 ശതമാനം റബ്ബറും കേരളത്തിൽനിന്നാണ് ഉല്പാദിപ്പിക്കുന്നത്. ഇന്ന് ഈ സംസ്ഥാനത്ത് ഈ മേഖലയിലുള്ളത് മഹാഭൂരിപക്ഷവും ചെറുകിടക്കാരായ കൃഷിക്കാരാണ്. അവരെയാണ് കേന്ദ്രഗവൺമെന്റിന്റെ തീരുമാനം പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. കൃഷിചെലവിന്റെ നിശ്ചിതശതമാനം സബ്സിഡിയായി കണക്കാക്കുന്നത് നിലവിൽ ഒരു ഹെക്ടറിനു 72,000 രൂപയാണ് കൃഷിചെലവായി കണക്കാക്കിയിട്ടുള്ളത്. 1980-കളിൽ കൃഷിച്ചെലവ് 18,000 രൂപയായിരുന്നു. അന്ന് 5,000 രൂപയായിരുന്നു കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്ന സബ്സിഡി. 72,000 രൂപ കൃഷിച്ചെലവ് വന്നപ്പോൾ 18,000 രൂപയാണ് സബ്സിഡിയായി നൽകിയിരുന്നത്. കൃഷിച്ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ അപര്യാപ്തമാണെന്ന് കാണാൻ സാധിക്കും. രണ്ട് തരത്തിലാണ് സബ്സിഡി അനുവദിച്ചുകൊണ്ടിരിക്കുന്നത്. കൃഷിച്ചെലവ് വളരെ കുറവുള്ള ഏതാണ്ട് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ 5000 രൂപയാണ് ഒരു ഹെക്ടർ കൃഷിക്ക് ചെലവ് വരുന്നത്, അവിടെ 22,000 രൂപ കേന്ദ്രം സബ്സിഡി കൊടുക്കുമ്പോൾ 72,000 രൂപ കൃഷിച്ചെലവുള്ള കേരള സംസ്ഥാനത്ത് 18000 രൂപയാണ് സബ്സിഡിയായി കൊടുക്കുന്നത്. അതിനാണ് 6000 രൂപ ഇപ്പോൾ വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്.' റബ്ബർ ഒരു ദീർഘകാലവിളയാണ്, 7 വർഷം കാത്ത് സംരക്ഷിച്ചാലേ വരുമാനമുണ്ടാകൂ. നല്ല ഉല്പാദനം കിട്ടമെങ്കിൽ കുറെ വർഷങ്ങൾ കൂടി കഴിയണം. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സംരക്ഷിച്ചു നിറുത്തുന്ന റബ്ബർ മേഖലയിൽ കേന്ദ്രത്തിന്റെ ഇറക്കുമതി നയംമൂലം 80 രൂപ ഉണ്ടായിരുന്ന ഒരു കിലോ റബ്ബറിന്റെ വില 30 രൂപയായി

താഴ്ന്നിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക സഹായവും ഇടപെടലും കൊണ്ടാണ് ഈ വിലയെങ്കിലും ഇപ്പോൾ ലഭിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിനുള്ള കേന്ദ്രത്തിന്റെ തീരുമാനത്തിന് എന്ത് നീതീകരണമാണുള്ളത് എന്ന മനസ്സിലാവുന്നില്ല. എല്ലാ രാജ്യങ്ങളും കൃഷിക്കും കാർഷികോല്പന്നങ്ങൾക്കും ഉയർന്ന് നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്. മറ്റ് ഉല്പാദകരാജ്യങ്ങൾ 50 ശതമാനം വരെ സബ്സിഡി കൃഷിക്കാർക്ക് നൽകുമ്പോൾ ഇവിടെ സബ്സിഡി വീണ്ടുംവീണ്ടും വെട്ടിക്കുറയ്ക്കുന്ന നടപടിയാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ഇറക്കുമതിയിലൂടെ പൂർണ്ണമായും കൃഷിക്കാരെ തകർക്കുന്ന നടപടിയും അവർ സ്വീകരിക്കുന്നു. കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കാനായി വാങ്ങൽ നികുതി പൂർണ്ണമായി ഒഴിവാക്കിക്കൊടുത്തു. റബ്ബർ സംഭരിച്ച് കയറ്റി അയയ്ക്കുന്ന ഏജൻസികളുടെ നഷ്ടം നികത്താനുള്ള നടപടി സ്വീകരിച്ചു. 20 ഹെക്ടർ വരെ കൃഷിഭൂമിക്ക് സമ്പൂർണ്ണമായി കാർഷികാദായനികുതി ഒഴിവാക്കിക്കൊടുത്തു. റബ്ബർ റോളറിന്റെ 8 ശതമാനം നികുതി 4 ശതമാനമായി കുറച്ചു, കർഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തി. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി റബ്കോ ചില വ്യവസായങ്ങൾ ആരംഭിച്ചു. റബ്കോയെ സഹായിക്കാൻ 2 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചു. റബ്ബർ തടി വ്യവസായത്തിനും ഇളവുകൾ നൽകി. ഈ ആനുകൂല്യങ്ങളെല്ലാം കേരളാ ഗവൺമെന്റ് കൃഷിക്കാർക്ക് ചെയ്യുമ്പോഴും കേന്ദ്രത്തിന്റെ ഈ നടപടിയും ഇടപെടലും ഈ ആനുകൂല്യങ്ങളും കൃഷിക്കാർക്ക് അനുഭവേദ്യമാകാതിരിക്കുന്ന സ്ഥിതിയാണുള്ളത്. ഏപ്രിൽ ഒന്നാംതീയതി മുതൽ ഇറക്കുമതി ചെയ്യാൻ കരാറായിട്ടുള്ള ഉല്പന്നങ്ങളിൽ കൂടുതലും കാർഷികോല്പന്നങ്ങളാണ്. ഏപ്രിൽ ഒന്നു മുതൽ ഇറക്കുമതി വന്നു കഴിഞ്ഞാൽ കൂടുതൽ പ്രതിസന്ധിയിലേക്ക് റബ്ബർ കൃഷി പോകാനാണ് സാദ്ധ്യത, ഇതിനു പുറമേയാണ് കേന്ദ്രം രാസവളത്തിന്റെ വില വർദ്ധിപ്പിച്ചത്. യൂറിയായുടെ വില 15 ശതമാനം വർദ്ധിപ്പിച്ചു. യൂറിയായ്ക്കു 205 രൂപയിൽനിന്നും 243.36 പൈസയായി ഉയർന്നു. ഫാക്ടംഫോസ് 333 രൂപയിൽ നിന്നും 368.42 പൈസയായി ഉയർന്നു. പൊട്ടാഷ് 159.60 രൂപയിൽനിന്ന് 208 രൂപയായി ഉയർന്നു. കോംപ്ലക്സ് 363 രൂപയിൽനിന്നും 402 രൂപയായി ഉയരും. സൾഫേറ്റ് 245 രൂപയിൽനിന്നും 272.50 ആയിട്ട് ഉയരും. കൃഷിച്ചെലവ് ഇനിയും കൂടാൻ പോകുകയാണ്. കൃഷിച്ചെലവ് കൂടുന്ന സാഹചര്യത്തിൽ വീണ്ടും ഈ സബ്സിഡികൾ വെട്ടിക്കുറക്കാനുള്ള കേന്ദ്രത്തിന്റെ തീരുമാനം കേരള സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനത്തിന്റെ മറ്റൊരു തെളിവാണ്. എസ്.ടി.സി. ആണെങ്കിൽ കാര്യമായി ഈ രംഗത്ത് ഇടപെടുന്നില്ല. അവർ സംഭരിച്ച റബ്ബർ നമ്മുടെ രാജ്യത്ത് തന്നെ 20 രൂപയ്ക്ക് വിറ്റഴിക്കുവാനുള്ള നടപടിയാണ് അവർ സ്വീകരിക്കുവാൻ പോകുന്നത്. അതിൽ പ്രതിഷേധം വന്നപ്പോഴാണ് താല്ക്കാലികമായിട്ട് നിറുത്തി വച്ചത്. ഇറക്കുമതി നയം പൂർണ്ണമായും നമ്മളെ ബാധിച്ചിട്ടുള്ളത് സത്യമാണ്. ഒരു ടയർ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുമ്പോൾ 25 കിലോ റബ്ബർ ഇന്ത്യാ രാജ്യത്ത് മിച്ചം വരും. കഴിഞ്ഞ 13 മാസക്കാലത്തെ ബി.ജെ.പി. ഗവൺമെന്റ് ഭരണത്തിനിടയിൽ 33,000 ടയർ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തുവെന്നാണ് കണക്കാക്കുന്നത്. അതുപോലെ തന്നെ പുതിയ സാങ്കേതിക വിദ്യ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തേക്ക് കടന്നു വരികയാണ്. ബ്രിക്ക് സ്റ്റോൺ എന്ന കമ്പനിക്ക് മദ്ധ്യപ്രദേശിൽ ഫാക്ടറി തുടങ്ങാൻ കേന്ദ്രഗവൺമെന്റ് അനുവാദം നൽകി. 78 ശതമാനം രാസപദാർത്ഥങ്ങളും 22 ശതമാനം സ്വാഭാവിക റബ്ബറും ചേർത്തുകൊണ്ട് ടയർ ഉണ്ടാക്കാൻ കഴിയുമെന്നാണ് ഈ പുതിയ സാങ്കേതിക വിദ്യ തെളിയിച്ചിരിക്കുന്നത്. പതിനേഴര ലക്ഷം ടയർ ഉല്പാദിപ്പിക്കുന്ന ലോകത്തെ ഏറ്റവും വലിയ ബഹുരാഷ്ട്രകുത്തക മദ്ധ്യപ്രദേശിൽ ഫാക്ടറി തുടങ്ങുന്നതോടുകൂടി നമ്മുടെ രാജ്യത്ത് സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം കുറയുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്രഗവൺമെന്റ് ഇറക്കുമതി ചുങ്കം കുറച്ചുകൊണ്ട് നമ്മുടെ കാർഷിക മേഖലയെ പൂർണ്ണമായി തകർക്കുന്ന നടപടികൾ തിരുത്തുന്നതിനാവശ്യമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. വളരെ ഗൗരവമായി ഈ പ്രശ്നം കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിച്ച് കേരളത്തിലെ കൃഷിക്കാരെ തുടർന്നും ഈ കൃഷിയിൽ ഉറപ്പിച്ചു നിറുത്താനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം.

കൃഷി വകുപ്പുമന്ത്രിക്ക് വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ തന്നെ ബാധിക്കുന്ന നിലയിലേക്ക് റബ്ബർ മേഖലയിലെ പ്രതിസന്ധി വളർന്നുവരാൻ പോകുകയാണ്. കാർഷിക രംഗം തന്നെ ഒരു വലിയ തകർച്ച കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നടപടികൾമൂലം നേരിടുമ്പോൾ കൂനിൻമേൽ കുരു എന്ന വണ്ണം ഇതും വളർന്നു വരികയാണ്. കാർഷിക വിരുദ്ധ നയങ്ങൾ കഴിഞ്ഞ കുറെ നാളുകളായി കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്നതാണ്. ആ നടപടികളിൽ ഒന്നുകൂടി കൂട്ടിച്ചേർക്കുന്ന ഒരു നടപടിയാണ് ഇപ്പോൾ റബ്ബർ കർഷകരോട് ഇവർ എടുക്കുന്ന സമീപനം. കേരളത്തിന്റെ കുത്തകയായ റബ്ബർ കൃഷി ചെയ്യുന്ന കർഷകരോട് നിരന്തരമായി കേന്ദ്രം അവഗണന തന്നെയാണ് പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നത്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിർത്തി വയ്ക്കുന്നതു തന്നെ വളരെയേറെ സമ്മർദ്ദം കേന്ദ്രഗവൺമെന്റിന്റെ മേൽ നാം ചെലുത്തിയ ശേഷമാണ്. അതുകൊണ്ടാണ് തൽക്കാലം നമുക്ക് രക്ഷ കിട്ടിയത്. ഈ പ്രതിസന്ധിയിൽപ്പെട്ട് വിഷമിക്കുന്ന റബ്ബർ കർഷകരുടെമേൽ മറ്റൊരു ദുരിതം കൂടി കെട്ടിവയ്ക്കാനാണ് കേന്ദ്രഗവൺമെന്റിന്റെ ഈ നിർദ്ദേശം ഇപ്പോൾ സഹായകമായത്. റബ്ബർ കർഷകർക്ക് 1997-98 സാമ്പത്തികവർഷം മുതൽ നൽകി വന്ന 18,000 രൂപയുടെ സബ്സിഡി 12,000 രൂപയായി കുറവു വരുത്താനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്നാണ് അറിയുന്നത്. ഔദ്യോഗികമായ അറിയിപ്പുകളൊന്നും നമുക്ക് ലഭിച്ചിട്ടില്ല എങ്കിലും തീരുമാനങ്ങൾ അറിഞ്ഞയുടനെതന്നെ ഈ നടപടി പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ ശക്തമായി നടന്നുകൊണ്ടിരിക്കുകയാണ്. സബ്സിഡി ഇനത്തിൽ ഇപ്പോൾ വരുത്തുമെന്നുപറയുന്ന കുറവ് നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചെറുകിട റബ്ബർ ഉല്പാദകരെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. അതുകൊണ്ട് എന്തു ചെയ്തും ഈ സബ്സിഡി പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ അതിന്റെ മുഴുവൻ കഴിവുകളും ഉപയോഗിക്കും എന്നു മാത്രമേ ഈ സമയത്ത് ഞാൻ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, കേരളത്തിലെ പുതുകൃഷിക്കാരേയും ആവർത്തന കൃഷിക്കാരെയും പ്രതികൂലമായി ബാധിക്കുന്ന ഈ തീരുമാനം പുന:പരിശോധിക്കുന്നതിന് കേരള നിയമസഭയുടെ പൊതുവികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാൻ ബഹുമാന്യമായ മന്ത്രി മുൻകൈയെടുക്കുമോ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ആ കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. അത് ഞാൻ നേരത്തെ പറഞ്ഞു. നമ്മുടെ സമ്പദ്ഘടനയെ തന്നെ ബാധിക്കുന്ന തരത്തിലുള്ള ഗൗരവതരമായ ഒരു പ്രശ്നമാണ് എന്നുള്ളതുകൊണ്ടുതന്നെ ഈ നിയമസഭയുടെ പൊതുവികാരം എന്ന നിലയിൽ കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിനെതിരായി എന്തെല്ലാം നമുക്ക് ചെയ്യാൻ കഴിയുമോ ആ നടപടികൾ മുഴുവൻ ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്യുന്നതാണ്.

IV സബ്മിഷൻ

(1) പത്തനംതിട്ട ജില്ലയിലെ വല്ലന ഗവൺമെന്റ് എസ്.എൻ.ഡി.പി., യു.പി. സ്കൂളിൽ നടന്ന കായിക പരിശീലനം

ശ്രീ. അടൂർ പ്രകാശ് : സർ, പത്തനംതിട്ട ജില്ലയിലെ ആറൻമുള ഗ്രാമ പഞ്ചായത്തിലെ വല്ലന ഗവൺമെന്റ് എസ്.എൻ.ഡി.പി. യു.പി. സ്കൂളിൽ മാർക്സിസ്റ്റ് പാർട്ടിയുടെ യുവജനസംഘടനായ ഡി.വൈ.എഫ്.ഐ. യുടെ നേതൃത്വത്തിൽ മാർച്ച് മാസം 1-ാം തീയതി മുതൽ കായിക പരിശീലനം നടക്കുകയുണ്ടായി. എല്ലാ ദിവസവും വൈകിട്ട് അഞ്ചര മുതൽ ഏഴര വരെയാണ് പരിശീലനം. കിടങ്ങന്നൂർ വില്ലേജ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അൻപതോളം വരുന്ന സന്നദ്ധ സേനാംഗങ്ങൾക്കാണ് പരിശീലനം കൊടുത്തത്. ഡി.വൈ.എഫ്.ഐ. വില്ലേജ് സെക്രട്ടറി കെ. പി. ഹരിദാസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആറൻമുള പഞ്ചായത്ത് മെമ്പർ പി. കെ. വിദ്യാധരനാണ് കായിക പരിശീലനം ഉത്ഘാടനം ചെയ്തത്. അഞ്ചടിയോളം നീളം വരുന്ന ദണ്ഡുകളും മറ്റ് ആയുധങ്ങളും ഉപയോഗിച്ചുകൊണ്ടാണ് പരിശീലനം നടത്തിയത് എന്നാണ് അറിയാൻ കഴിഞ്ഞത്. ആറൻമുള പഞ്ചായത്തിനു പുറത്തു നിന്നും എത്തിയ പ്രത്യേക പരിശീലകരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്. ഈ കായിക പരിശീലത്തിൽ വല്ലന ഗുരുമന്ദിരം തകർക്കാൻ ശ്രമിച്ച 1-ാം പ്രതി സതീഷ്കുമാറും പങ്കെടുത്തിരുന്നു. പഞ്ചായത്ത് മെമ്പർ ശ്രീ. പി. കെ. വിദ്യാധരന്റെ അനന്തിരവനാണ് ഈ സതീഷ്കുമാർ. അദ്ദേഹത്തെ മന്ദിരം ആക്രമണവുമായി ബന്ധപ്പെട്ട് നാട്ടുകാർ പിടിച്ച് പോലീസിനെ ഏല്പിച്ചതിന്റെ പിറ്റേദിവസം ദേശാഭിമാനി പത്രത്തിൽ ഒരു ചിത്രം വന്നു. അതിന്റെ അടിക്കുറുപ്പിൽ എഴുതിയിരുന്നത് ഇവർ യൂത്ത് കോൺഗ്രസിന്റെ പ്രവർത്തകരാണ് എന്നാണ്. ഇത്തരത്തിലുള്ള കായിക പരിശീലനം തടയുന്നതിന് നിയമം പാസ്സാക്കി എടുക്കുകയും ചെയ്തു- 'കേരള പോലീസ് (അമെന്റ്മെന്റ്) ബിൽ, 2000'. അതിൽ പറഞ്ഞിരിക്കുന്നത്, "It shall be deemed to have come into force on the 18th day of January, 2000.' ഇത്തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly